No. A4/1576/24/GECI — Office of the Principal, Govt. Engineering College, Painavu, Idukki

Dated: 08.05.2024

NOTICE

**Quotation No:01/2024-25**

ഇടുക്കി സർക്കാർ എഞ്ചിനിയറിംങ്ങ് കോളേജിലെ ആയിരത്തോളം വിദ്യാർത്ഥികൾക്കും ഇരുന്നൂറിൽ പരം ജീവനക്കാർക്കുമായി 01/06/2024 മുതൽ കാൻറീനും കഫറ്റേരിയയും തുറന്നു പ്രവർത്തിപ്പിച്ച് ഇതൊടൊപ്പമുള്ള പട്ടികയിലെ അളവു പ്രകാരം ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്നതിലേക്കായി മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് സമർപ്പിക്കുന്ന കവറിനു പുറത്ത് **കാൻറീൻ-കഫറ്റേരിയ ദർഘാസ് 2024** എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

അപേക്ഷകരെ മേൽ വിലാസവും ഫോൺനമ്പരും കവറിനുപുറത്തും ദർഘാസിലും വ്യക്തമായി എഴുതിയിരിക്കേണ്ടതാണ്. ദർഘാസുകൾ 21/05/2024 ചൊവ്വാഴ്ച ഉച്ചയ്ക്ക് ശേഷം 2 മണിവരെ ഓഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം 3 മണിക്ക് തൽസമയം ഹാജരുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതുമാണ്.

ദർഘാസുകളെ സംബന്ധിച്ച് പ്രിൻസിപ്പാളിന്റെ തീരുമാനം അന്തിമമായിരിക്കും. കേരള സർക്കാരിന്റെ പരിധിയിൽ വരുന്ന സമാന സ്വഭാവമുള്ള ദർഘാസുകളുടെ നിയമാവലി ഇതിനും ബാധകമായിരിക്കും.

കാന്റീനിന്റെയും കഫറ്റീരിയയുടെയും നടത്തിപ്പിന്റെ കാലാവധി താൽക്കാലികമായി 5 മാസത്തേക്ക് അനുവദിക്കുന്നതും പ്രവർത്തനം തൃപ്തികരമെന്നു കണ്ടാൽ മാത്രം നീട്ടി നൽകുന്നതാണ്. കാൻറീന്റെയും കഫറ്റേരിയയുടെയും നടത്തിപ്പിന്റെ പരമാവധി കാലാവധി ഒരു വർഷമായിരിക്കും (30/05/2025 വരെ). ക്യാന്റീൻ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വൈദ്യുതിചാർജ് മീറ്റർ റീഡിംഗ് അനുസരിച്ചും, തറവാടക 800/- രൂപ എന്ന നിരക്കിലും കരാറുകാരൻ പ്രതിമാസം അഞ്ചാം തീയതിയ്ക്കുമുമ്പായി ഓഫീസിൽ അടക്കേണ്ടതാണ്. എല്ലാ പ്രവർത്തിദിവസങ്ങളിലും സ്ഥാപന മേധാവി ആവശ്യപ്പെടുന്ന ദിവസങ്ങളിലും രാവിലെ 8.00 മണിമുതൽ വൈകുന്നേരം 7.30 വരെ മുഴുവൻ സമയവും ക്യാന്റീൻ തുറന്നു പ്രവർത്തിക്കേണ്ടതാണ്. ആവശ്യമായ വെള്ളം സൗജന്യമായി നൽകുന്നതാണ്.

കഫറ്റേരിയ എല്ലാ പ്രവർത്തിദിവസങ്ങളിലും സ്ഥാപന മേധാവി ആവശ്യപ്പെടുന്ന ദിവസങ്ങളിലും രാവിലെ 10.30 എ.എം.മുതൽ 7.30 പി.എം വരെ പ്രവർത്തിക്കേണ്ടതാണ്. പ്രിൻസിപ്പാളിന്റെ നിർദേശപ്രകാരം അവധി ദിവസങ്ങളിലും പ്രവർത്തിപ്പിക്കാൻ ബാദ്ധ്യസ്ഥരാണ്.

ദർഘാസിനെക്കുറിച്ചുള്ള മറ്റ് വിശദവിവരങ്ങൾ കോളേജ് ഓഫീസിൽ നിന്നും പ്രവർത്തിസമയങ്ങളിൽ ലഭിക്കുന്നതാണ്. നിലവിലുള്ള ഫർണിച്ചർ, സ്റ്റൗവ് തുടങ്ങിയ സാധന സാമഗ്രികൾ ഉപയോഗിക്കാവുന്നതാണ്. സ്റ്റൗവ് തുടങ്ങിയ ഉപകരണങ്ങൾ കൃത്യമായി കരാറുകാരുടെ ചിലവിൽ റിപ്പയർ ചെയ്യേണ്ടതാണ്. ക്യാന്റീൻ ജീവനക്കാരുടെ ഹെൽത്ത് കാർഡിന്റെ പകർപ്പ് കരാറിനൊപ്പം നൽകേണ്ടതാണ്. കരാറുകാരൻ പഞ്ചായത്തിൽ കാന്റീൻ നടത്തുന്നതിനുള്ള ലൈസൻസ് എടുക്കേണ്ടതാണ്. കരാറു ലഭിക്കുന്ന വ്യക്തി ഡിപ്പോസിറ്റായി 15,000/- (പതിനയ്യായിരം രൂപ മാത്രം) കരാർ ലഭിക്കുന്ന സമയത്തുതന്നെ അടയ്ക്കേണ്ടതാണ്.

Draft #1 of File A4/1576/24/GECI Approved by Principal on 08-May-2024 10:44 AM - Page 1

കാന്റീനറെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കണ്ടാൽ യാതൊരു മുന്നറിയിപ്പും കൂടാതെ കാന്റീന്റെ പ്രവർത്തനം നിർത്തിവയ്പ്പിക്കാനുള്ള പൂർണ്ണമായ അവകാശം പ്രിൻസിപ്പാളിനുള്ളതായിരിക്കും.

സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

| | |
|---|---|
| Superscription | : Govt.Engineering college canteen-2024-25 |
| Quotation No | : 01/2024-25 |
| Due date and time for receipt of quotations | : 21/05/2024 ,2 PM |
| Date and Time for opening Quotation | : 21/05/2023, 3 PM |
| Date up to which the rates are to remain firm for acceptance | : 6 months |
| Designation and address of Officer whom the quotation is to be addressed | : Principal<br>Govt. Engineering College, Painavu, Idukki |

Place:Idukki

Date:08.05.2024

| Details of items | Quantity |
|---|---|

Place:Idukki

Date:08.05.2024

Govt. Engineering College, Painavu, Idukki

Copy to

നോട്ടീസ് ബോർഡ് (സർക്കാർ എഞ്ചിനിയറിംങ്ങ് കോളേജ്, ഇടുക്കി)

2) പൊതുമരാമത്ത് വകുപ്പ് നോട്ടീസ് ബോർഡ്

3) ജില്ലാ കളക്ടേറ്റ് നോട്ടീസ് ബോർഡ്

4) ജില്ലാ പഞ്ചായത്ത് നോട്ടീസ് ബോർഡ്

5) വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് നോട്ടീസ് ബോർഡ്

6) സബ് ട്രഷറി പൈനാവ് നോട്ടീസ് ബോർഡ്.

**Approval Valid**

Draft #1 of File A4/1576/24/GECI Approved by Principal on 08-May-2024 10:44 AM - Page 2